ങ്കിൽ നിന്നുള്ള ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

97 (1952) സഹകരണ മേഖലയിലെ നിക്ഷേപം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ വിനിയോഗിക്കപ്പെടാതെ നിക്ഷേപം നിലനിൽക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയുടെ നിക്ഷേപമെന്ന് വ്യക്തമാക്കാമോ;

(ബി) വിനിയോഗിക്കപ്പെടാത്ത തുക പുനർ നിക്ഷേപം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. സഹകരണ മേഖലയിൽ തുക നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്രകോടി രൂപയ്ക്കുള്ള നിക്ഷേപം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിക്ഷേപത്തിലൂടെ സഹകരണ മേഖലയ്ക്കും കെ.എസ്.ആർ.ടി.സി. ക്കും ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം ജില്ലകളിൽ ഈ നിക്ഷേപ പദ്ധതി നടപ്പിലാക്കി; സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ നിക്ഷേപം വ്യാപിപ്പിക്കുമോ?

ഉത്തരം

(എ) വിനിയോഗിക്കപ്പെടാതെ 1059.10 കോടി രൂപയുടെ നിക്ഷേപം നിലനിൽക്കുന്നതായി കണക്കാക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് മിച്ച ഫണ്ടുള്ള സഹകരണ ബാങ്കുകളിൽ നിന്നും കൺസോർഷ്യം വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി)&(ഡി) കെ.എസ്.ആർ.ടി.സി. സഹകരണ മേഖലയിൽ തുക നിക്ഷേപിച്ചിട്ടില്ല. അതിനാൽ ഇതു സംബന്ധിച്ച മറ്റ് ചോദ്യങ്ങൾ പ്രസക്തമല്ല.

98 (1953) സെൽഫ് ഫൈനാൻസിംഗ് സാങ്കേതിക കോളേജുകൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സംഘങ്ങൾക്കാണ് സെൽഫ് ഫൈനാൻസിംഗ് സാങ്കേതിക കോളേജുകൾ നൽകിയിട്ടുള്ളത്;

(ബി) ഇത്തരം കോളേജുകൾ സ്ഥാപിക്കുന്നതിന് സഹകരണരംഗത്ത് എന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ സ്ഥാപിക്കുവാനുള്ള വിഭവങ്ങൾ എപ്രകാരമാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടില്ല.

(ബി)&(സി) എഞ്ചിനീയറിംഗും, മെഡിസിനുമുൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ "കോ ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ" എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനം റ്റി. സി. ലിറ്ററി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം 7.4.99-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ അവയുടെ പൊതു നന്മ ഫണ്ടിൽനിന്നും നൽകുന്ന സഹായങ്ങൾ വഴിയും മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളെ മുൻനിർത്തി നാഷണൽ സേവിംഗ്സ് സ്കീമിൽ സഹകരണ സംഘങ്ങളിൽ നിന്നും ഉൾപ്പെടെയുള്ള നിക്ഷേപങ്ങൾ വഴി ലഭിക്കുന്ന ഗ്രാന്റും ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന തുകകളും ഉൾപ്പെടെയുള്ള ഫണ്ടാണ് "കോ ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്" ലഭിക്കുന്നത്.

99 (1954) കാൻസർ സെന്ററിന് വൈദ്യുത ബോർഡ് നൽകിയ തുക

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ആരംഭിക്കുന്ന കാൻസർ റിസർച്ച് സെന്ററിന്റെ മൊത്തം ചെലവ് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ഇതിനാവശ്യമായ ധനാഗമ മാർഗ്ഗം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡ് ഇതിലേക്ക് തുക എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ ഏജൻസികൾ ഈ സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം നൽകി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 103 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(ബി) അടിസ്ഥാന സൗകര്യങ്ങൾക്കായി 5 കോടി രൂപ സംസ്ഥാന സർക്കാരാണ് ചെലവാക്കുന്നത്. ബാക്കിയുള്ള 98 കോടി രൂപ കാനഡ സർക്കാരിന്റെ തന്നെ ഏജൻസിയായ 'സിഡ', പ്രവിശ്യ സർക്കാരായ

LIBRARY ARCHIVES Kerala Legislative Assembly